LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ

40(2241) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും എത്ര ലൈൻ കൺവേർഷൻ നടത്തിയെന്നും വിശദമാക്കാമോ ;

(സി) ഓരോ പദ്ധതിയും അടിയന്തരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ എണ്ണവും ലൈൻ കൺവേർഷൻ സംബന്ധിച്ച വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	സെക്ഷൻ	ട്രാൻസ്ഫോർമർ എണ്ണം	11 കെ.വി. ലൈൻ (കി.മീ.)	3 ഫേസ് ലൈൻ (കി.മീ.)	കൺവേർഷൻ (കി.മീ.)
(1)	(2)	(3)	(4)	(5)	(6)
1	വള്ളുവമ്പ്രം	11	6.696	1.332	8.558
2	മഞ്ചേരി നോർത്ത്	5	3.59	0.46	3.66
3	മലപ്പുറം ഈസ്റ്റ്	15	6.225		10.063
4	മലപ്പുറം വെസ്റ്റ്	15	5.3	2.1	15.7
5	ആനക്കയം	11	3.13	0.35	7.235
	ആകെ	57	24.941	4.242	45.216

(സി) പൂർത്തീകരിക്കാത്ത പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.